M 8836

Reg. No. : ..............................

Name : ..............................

**II Semester B.A. Degree Examination, May 2015**
**(CCSS – 2014 Admn. – Regular)**
**CORE COURSE IN MALAYALAM**
**2 B 02 MAL : മലയാള കവിത ആധുനികം ആധുനികാനന്തരം**

Time : 3 Hours　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) സ്വന്തം ജീവൻ വെടിഞ്ഞും രാജത്വം സംരക്ഷിക്കുക എന്ന വിശ്വാസത്തിന്റെ ആവിഷ്ക്കാരമാണ് 'ഹീര'യുടെ ത്യാഗോജ്ജ്വലമായ കഥയിലൂടെ ഉള്ളൂർ പറയുന്നത് – വിശദീകരിക്കുക.

2) ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനവികതയെ 'പെങ്ങൾ' എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

3) ഇരുപതാം നൂറ്റാണ്ടിന്റെ പ്രത്യേകതകളായി കവി ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ സംഗ്രഹിക്കുക.

4) സുഗതകുമാരി ചൂണ്ടിക്കാട്ടുന്ന ആനകളുടെ ദയനീയാവസ്ഥ വിശദീകരിക്കുക.

**(2×7=14)**

II. **നൂറമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) ''എന്തിന്നു ഭാരതധരേ ! കരയുന്നു ! പാര –
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ'' – വിശദീകരിക്കുക.

6) ''കണ്വമാമുനിയുടെ കന്യ'യാമാരോമലാൾ'' – ആയി കവി ഭാര്യയെ കാണുന്ന സാഹചര്യമെപ്പോൾ ? വിശദീകരിക്കുക.

7) ദളിത് സാഹിത്യത്തിന്റെ സമകാലിക പരിപ്രേക്ഷ്യം 'കറുത്ത കല്ല്' എന്ന കവിതയിൽ ആവിഷ്കൃതമാകുന്നുണ്ടോയെന്ന് പരിശാധിക്കുക.

P.T.O.

8) 'പട്ടാമ്പിപ്പുഴയിൽ നിന്ന് കയറ്റിക്കൊണ്ടു പോകുന്ന മണലിന്റെ ദൃശ്യം മാത്രമല്ല പാരിസ്ഥിതികമായ പല വിഷയങ്ങളും സ്മരിക്കുന്നതാണ് പി. പി. രാമചന്ദ്രന്റെ കവിത – പരിശോധിക്കുക.

9) ചിരിപ്പിക്കുന്നതിനൊപ്പം ചിന്തിപ്പിക്കുകയും ചെയ്യുന്ന കവിതയാണ് 'മമ്മി' – വിശദീകരിക്കുക.

10) 'കല്ലഹല്യ' എന്ന കവിതക്ക് ആസ്വാദനം തയ്യാറാക്കുക. **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ''ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ
ഭാസുരസാരസ്വത ഭണ്ഡാരപ്പുരകളേ'' – ഏതാണ് ഭണ്ഡാരപ്പുരകൾ ? അതിന്റെ പ്രത്യേകതകൾ എഴുതുക.

12) ''ഉണ്ടൊരു കാന്തശക്തിയെന്നാലും
കണ്ടുമുട്ടുവാൻ ദേഹികൾ,ക്കെന്നാൽ !'' – വിശദീകരിക്കുക.

13) ''അവ ഭക്ഷിച്ചു പോരുന്നതവനല്ലെന്ന വാസ്തവം
അറിഞ്ഞദിവസം കെട്ടുപോയെൻ കരളിലമ്പിളി'' – വിശദമാക്കുക.

14) ''കേവലം ഭീരുവല്ല നീയിപ്പോ,ളേതോ മഹാ –
ദേവതാ ചൈതന്യം നിൻ ദേഹത്തിൽ സ്ഫുരിക്കുന്നു !'' – ആരെക്കുറിച്ചാണ് പറയുന്നത് ? സന്ദർഭമെഴുതുക.

15) ''ഭൂമിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ
എന്നെ അമൃതൂട്ടിയിരുന്ന പൊക്കിൾക്കൊടി'' – വ്യാഖ്യാനിക്കുക.

16) ''എണ്ണാൻ മിനക്കെടേണ്ട
കണ്ണടച്ച്
ഇളം ചൂടുവെള്ളം വീണ്
പതുപതുത്ത ആ മൃദുശരീരം
തൊട്ടുതലോടിയിരിക്കുക.
അപ്പോൾ
ഓർമകൾ തിങ്ങിഞെരുങ്ങിയ
ആ ചുളിവുകൾ നിവർന്നു തുടങ്ങും'' – സന്ദർഭവും സാരസ്യവും വിശദീകരിക്കുക.

**(4×2=8)**



IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) കലാമണ്ഡലം സ്ഥാപിച്ച കവിയാര് ?

18) 'കൂലിപ്പണിക്കാരന്റെ ചിരി' എന്ന കവിത ഏത് സമാഹാരത്തിലുള്ളതാണ് ?

19) 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിത എഴുതിയതാര് ?

20) 'കവിത്രയം' എന്നറിയപ്പെടുന്ന കവികളിൽ മഹാകാവ്യം എഴുതിയിട്ടില്ലാത്ത കവിയാര് ?

21) 'പൊട്ടപ്പുല്ലുകൾ കൊണ്ടും ശുഷ്കപത്രൗഘം കൊണ്ടും കെട്ടിമേഞ്ഞവയായ പാഴ്ക്കുടിലു'കളിൽ താമസിച്ചിരുന്നവരാര് ?

22) 'ദുർഗ്രഹമാഹാത്മ്യമാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ നിർമ്മല നദികളേ'' – ഇവിടെ നദികളായി കല്പിക്കുന്നതാരെ ?

23) 'മൃഗശിക്ഷകൻ' എന്ന കവിത എഴുതിയതാര് ?

24) 'കുടിയൊഴിക്കൽ' ആരുടെ കവിതയാണ് ? **(6×1=6)**